# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1463** — **10.02.2020 ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ കാർഷികോത്പാദനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ആദിവാസിമേഖലകളിലെ കൃഷിക്കും പ്രാദേശികവിളകളുടെ വികസനത്തിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) ആദിവാസി മേഖലകളിലെ കൃഷിയ്ക്കും പ്രാദേശിക വിളകളുടെ വികസനത്തിനുമായി 'Development and Promotion of Location Specific Crops' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ എള്ള്, നിലക്കടല, കരിമ്പ് എന്നീ വിളകൾ കൃഷി ചെയ്യുന്നു. കൂടാതെ ആദിവാസി മേഖലകളിൽ ചെറുധാന്യങ്ങൾ, പയർ, പച്ചക്കറി, എള്ള്, നിലക്കടല തുടങ്ങിയ കൃഷികളും പ്രോത്സാഹിപ്പിക്കുന്നു.<br>പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നുമുള്ള സാമ്പത്തിക സഹായത്തോടെ 2017-2018 മുതൽ അട്ടപ്പാടി Millet Village എന്ന പ്രത്യേക പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ ആദിവാസി ഊരിലും ചെറുധാന്യങ്ങളുടെ കൃഷിയും വ്യാപിപ്പിച്ച് വരുന്നു.<br>ആദിവാസി മേഖലകളിലെ കാർഷികോല്പന്നങ്ങൾ ആദിവാസി വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരത്തിനു വേണ്ടിയും പ്രയോജനപ്പെടുത്തുന്നുണ്ട്. |
| ബി) ട്രൈബൽ അഗ്രിക്കൾച്ചറിനായി പ്രത്യേക കാർഷികമേഖല രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) രൂപീകരിച്ചിട്ടില്ല. |
| സി) ആദിവാസിമേഖലയിലെ കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, പോഷകാഹാരക്കുറവിന് പരിഹാരം കണ്ടെത്തുക തുടങ്ങിയ | സി) ആദിവാസി മേഖലയിലെ പോഷകാഹാരക്കുറവിന് പരിഹാരം കണ്ടെത്തുക, കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ |

| | |
|---|---|
| ലക്ഷ്യങ്ങളോടെ ആരംഭിച്ച 'മില്ലറ്റ് വില്ലേജ് 'പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | 2017-2018 മുതൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ചെറുധാന്യങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിന് ആനുകൂല്യങ്ങൾ നൽകി വരുന്നു. ഇത് കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജലസേചനം, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണത്തിനുള്ള വേലി എന്നിവയ്ക്കായും തുക വകയിരുത്തിയിട്ടുണ്ട്.<br>2017-2018 രണ്ടാം വിളക്കാലത്ത് അഗളി, ഷോളയാർ, പുതൂര് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 45 ആദിവാസി ഊരുകളിലായി 300 ഹെക്ടറിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്ത് 27.345 MT ധാന്യങ്ങൾ ഉല്പാദിപ്പിച്ചു. 215 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 62.68 MT ഉല്പാദനവും ലഭിച്ചു.<br>2018-2019 വർഷത്തിൽ ഒന്നാം വിളക്കാലത്ത് ഇതേ പഞ്ചായത്തുകളിലെ 40 ആദിവാസി ഊരുകളിൽ 225 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യുകയും 69.135 MT ധാന്യങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്തു. കൂടാതെ 260 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 447.5 MT ഉല്പാദനം ലഭിച്ചു.<br>2018-2019- ലെ രണ്ടാംവിളക്കാലത്ത് അഗളി, ഷോളയാർ, പുതൂര് എന്നി പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 45 ആദിവാസി ഊരുകളിലായി 240Ha സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യുകയും 94.24 MT ധാന്യങ്ങൾ ഉല്പാദിപ്പിക്കുയും 280 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 265 MT ഉല്പാദിപ്പിക്കുകയും ചെയ്തു.<br>2019-2020 ഒന്നാം വിളക്കാലത്ത് 70 ഊരുകളിലായി 450 സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യുകയും 299.7 MT ധാന്യങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്തു. 310 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 399.18 MT ഉല്പാദനം ലഭിച്ചു.<br>2019-2020 രണ്ടാംവിളക്കാലത്ത് അഗളി, ഷോളയാർ, പുതൂര് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ആദിവാസി ഊരുകളിലായി 250 Ha സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യുകയും 142.25 MT ധാന്യങ്ങൾ ഉല്പാദിപ്പിക്കുകയും 230 ഹെക്ടറിൽ പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്ത് 157.1 MT ഉല്പാദിപ്പിക്കുകയും ചെയ്തു. |

ഈ പദ്ധതി പ്രകാരം ആകെ 191 ഊരുകളിൽ 71 ഊരുകളിലുള്ള 1460 കർഷകർക്ക് അവരുടെ പാരമ്പര്യ വിളകളായ ചെറുധാന്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനും അവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിലൂടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഉല്പാദിപ്പിക്കപ്പെട്ട ധാന്യങ്ങൾ ഊരുകളിലെ ഭക്ഷ്യ ആവശ്യത്തിന് ഉപയോഗിക്കുകയും ബാക്കി ധാന്യങ്ങളായിത്തന്നെ വില്പന നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

ഡി) തികച്ചും ജൈവമായ രീതിയിൽ ഉത്പാദിപ്പിക്കുന്ന ഈ ഉത്പന്നങ്ങളുടെ മാർക്കറ്റിംഗ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഡി) ഈ ഉല്പന്നങ്ങൾ ചെറിയ അളവിൽ കോയമ്പത്തൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടു കൂടി സംസ്കരിച്ച വിവിധ ഉല്പന്നങ്ങളാക്കി വിപണനം നടത്തുന്നുണ്ട്. ബാക്കിയുള്ള ധാന്യങ്ങൾ പ്രാദേശിക വിപണന സംവിധാനങ്ങളുടെ സഹായത്തോടെയും കർഷകർ നേരിട്ടും വില്പന നടത്തുകയാണ്. നാളിതുവരെ 7.968 MT ചെറുധാന്യങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിതരണം ചെയ്തിട്ടുണ്ട്. ഇവ കൂടാതെ വൻപയർ, ചിയ എന്നിവയും ചെറിയ അളവിൽ ഉല്പന്നങ്ങളാക്കി വിതരണം ചെയ്തിട്ടുണ്ട്.

മില്ലറ്റ് വില്ലേജ് പദ്ധതി പ്രകാരം ധാന്യങ്ങളും പയറുവർഗ്ഗങ്ങളും സംഭരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം നടത്തുന്നതിനുള്ള നടപടികൾ ആലോചിച്ചു വരുന്നു.

ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്ന മുറയ്ക്ക് ജൈവ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുവാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**